**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 825** **09-08-2023 - ൽ മറുപടിയ്ക്ക്**

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകർക്ക് തുക ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ വിഭാഗങ്ങളിലായി എത്ര സഹകരണ സ്ഥാപനങ്ങളാണ് നിലവിലുണ്ടായിരുന്നതെന്നും ഇപ്പോൾ എത്രയെണ്ണമുണ്ടെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ വിഭാഗങ്ങളിലായി 16062 സഹകരണ സ്ഥാപനങ്ങളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 16329 സഹകരണ സ്ഥാപനങ്ങൾ നിലവിൽ ഉണ്ട്. |
| (ബി) | സർക്കാർ അധികാരമേൽക്കുമ്പോൾ ലാഭത്തിൽ പ്രവർത്തിച്ച സഹകരണ സംഘങ്ങൾ എത്രയെന്നും നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ എത്രയെന്നും അറിയിക്കാമോ; | (ബി) | സർക്കാർ അധികാരമേൽക്കുമ്പോൾ 4107 സഹകരണ സംഘങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. നിലവിലെ ലാഭനഷ്ട കണക്കുകൾ സംഘങ്ങളുടെ വാർഷിക പൊതുയോഗത്തിനു ശേഷം മാത്രമേ ഉരുത്തിരിയുകയുള്ളൂ. |
| (സി) | നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകർക്ക് പ്രസ്തുത തുക മടക്കി നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ നിക്ഷേപകന് തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിക്ഷേപകർക്ക് പ്രസ്തുത തുക മടക്കി നൽകാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. എന്നാൽ ക്രമക്കേടുകളിലൂടെയും, തെറ്റായ മാനേജ്മെന്റിലൂടെയും മൂലധന ശോഷണം സംഭവിച്ചിട്ടുള്ള സഹകരണ സംഘം/ബാങ്കുകളിൽ നിക്ഷേപം തിരികെ കൊടുക്കാൻ കഴിയാത്ത ചില സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .ഇത്തരം സംഘങ്ങളിൽ കേരള സഹകരണ നിയമപ്രകാരം ഉത്തരവാദികൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ഉത്തരവാദികളിൽനിന്ന് തുക ഈടാക്കുന്നതിന് സർച്ചാർജ് ഉൾപ്പടെയുള്ള നടപടികളും, ഉത്തരവാദികളുടെ ആസ്ഥികൾ പിടിച്ചെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദീർഘകാലമായി കുടിശ്ശികയായിട്ടും, കിട്ടാകടങ്ങളുമായ വായ്പകൾ ഈടാക്കുന്നതിനായി കാലാകാലങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കുകയും, ആയതിലൂടെ സംഘം/ബാങ്കുകളുടെ കുടിശ്ശിക കുറച്ച് കൊണ്ടുവരുന്നതിന് സാധിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രവർത്തനമൂലധനത്തിന്റെ അഭാവംമൂലം |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടെ സഹകരണ സംരക്ഷണ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ